**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1978 — 13-06-2019- ൽ മറുപടിയ്ക്ക്

## സോഷ്യൽ മീഡിയയിലൂടെ ആക്ഷേപിച്ചതിനെതിരായ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.ടി. തോമസ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിനും ബാങ്കിനും എതിരെ ആക്ഷേപകരമായ രീതിയിൽ സോഷ്യൽ മീഡിയയിൽ പോസ്റ്റുകൾ ഇട്ടത് സംബന്ധിച്ച് അടിമാലി പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് 2019 ഏപ്രിൽ മാസത്തിൽ ബാങ്ക് പ്രസിഡന്റ് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | ഇടുക്കി ജില്ലയിൽ വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിനെതിരെയും ബാങ്കിനെതിരെയും ആക്ഷേപകരമായ രീതിയിൽ ഫേസ് ബുക്കിൽ സാം.ജെ. എന്ന പേരിൽ ആരോ പോസ്റ്റ് ഇട്ടത് സംബന്ധിച്ച് 2019 ഏപ്രിൽ 24-ാം തീയതി ടി ബാങ്ക് പ്രസിഡന്റ് അടിമാലി പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിരുന്നു. ടി പരാതി iAPS Petition No. 54823/19 ആയി രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. ടി പോസ്റ്റിട്ട സാം.ജെ. എന്നയാളെക്കുറിച്ച് അന്വേഷിച്ചതിൽ നിന്നും ടി അക്കൗണ്ട് Delete ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. ടി അക്കൗണ്ടിന്റെ URL Address ലഭ്യമല്ലാത്തതിനാലും അക്കൗണ്ടും, മെസേജുകളും Delete ചെയ്യപ്പെട്ടതിനാലും കുറ്റകൃത്യം നടത്തിയ ആളെ നാളിതുവരെ കണ്ടെത്താൻ സാധിക്കാതെ വന്നിട്ടുള്ളതുമാണ്. സാധ്യമായ എല്ലാ മാർഗ്ഗവും ഉപയോഗിച്ച് കുറ്റകൃത്യം ആരാണ് ചെയ്തതെന്ന് കണ്ടെത്താൻ ശ്രമിച്ചു വരുന്നു. അടിമാലി പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ.ബേസിൽ തോമസ് ആണ് ടി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ. |
| (ബി) | ഈ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്; അന്വേഷണ പുരോഗതി വിശദമാക്കുമോ; | | |
| (സി) | ആക്ഷേപകരമായ ഇത്തരം നടപടി സ്വീകരിച്ചവരെ നിയമപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | പരാതി പ്രകാരമുള്ള കുറ്റകൃത്യം ആരാണ് ചെയ്തതെന്ന് അന്വേഷണത്തിൽ വെളിവാകുന്ന മുറയ്ക്ക് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**